

THURSDAY 26-05-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/05/2022.

1. സംസ്ഥാനത്ത് നാളികേരം, കൊപ്ര എന്നിവയുടെ സംഭരണം ഊർജിതമാക്കുവാൻ നടപടികൾ സ്വീകരിച്ചതായി കൃഷിമന്ത്രി പി.പ്രസാദ് അറിയിച്ചു. കേരഫെഡ്, മാർക്കറ്റ് ഫെഡ്, നാഫെഡ് എന്നീ ഏജൻസികളെ ഏകോപിപ്പിച്ച് സംഭരണം ഊർജിതമാക്കുവാനാണ് തീരുമാനം. നാഫെഡിന്റെ സംഭരണ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് സംബന്ധിച്ച് കൃഷി വകുപ്പ് സെക്രട്ടറി അടുത്തദിവസം തന്നെ ഡൽഹിയിലെത്തി ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതായിരിക്കും. 105.90 രൂപയാണ് നിലവിലെ കൊപ്രയുടെ സംഭരണവില. ഇതോടൊപ്പം തന്നെ പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യക്തമായ ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിന് കൃഷിവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതായും മന്ത്രി അറിയിച്ചു. 32 രൂപയാണ് നിലവിലെ നിശ്ചയിച്ചിട്ടുള്ള പച്ചത്തേങ്ങ സംഭരണ വില. നാളികേര വികസന കോർപ്പറേഷനും കേരഫെഡും ഈ നിരക്കിൽ നിലവിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്നുണ്ട്.

2. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വെണ്ട, തക്കാളി, വഴുതന, പാവൽ, കറിവേപ്പ്, പുതിന, വള്ളി ചീര, മുരിങ്ങ (അനുപമ) എന്നിവയുടെ തൈകൾ വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

3. കേരള വെറ്ററിനറി സർവകലാശാലക്ക് കീഴിൽ മണ്ണുത്തി യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിൽ **സങ്കരയിനം തീറ്റപ്പുൽ നടീൽ വസ്തുക്കൾ** വില്പനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി **9656090440, 7994996019, 0487 – 2370302** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - AIF) നടപ്പിലാക്കുന്നു. ഈ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പദ്ധതിയിലേക്ക് https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴി അപേക്ഷ നൽകാവുന്നതാണ്. സൂക്ഷ്മ കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജൈവ ഉത്തേജന ഉത്പാദന യൂണിറ്റ് (വിത്തുൽപാദനം, ടിഷ്യൂകൾച്ചർ നേഴ്സറി), ജൈവവള ഉത്പാദനം, വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം, പാക്ക്ഹൗസ്, കാർഷിക പ്രാഥമിക പ്രവർത്തനങ്ങൾ (വൃത്തിയാക്കൽ, ഉണക്കൽ, തരംതിരിക്കൽ, ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ), സംഭരണ കേന്ദ്രങ്ങൾ (വെയർഹൗസ്, സിലോസ്, കോൾഡ് സ്റ്റോറേജ്), ഇ-മാർക്കറ്റിംഗ് സൗകര്യമുള്ള വിതരണ ശൃംഖല, യോഗ്യതയുള്ള ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകളിൽ സോളാർ പാനൽ നിർമ്മാണം, റൈസ് ആന്റ് ഫ്ളോർ മിൽ, ഓയിൽ മിൽ, സുഗന്ധവ്യഞ്ജനങ്ങൾ പൊടിക്കുന്നത്, ശർക്കര/പഞ്ചസാര സംസ്കരണം എന്നീ പദ്ധതികൾക്ക് ഈ ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട് കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും 2022 വർഷത്തെ പാൽ കാർഡ് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ഈ മാസം 31 (മേയ് 31) വരെ ഫാം ഓഫീസിൽ നിന്നും രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 വരെ നൽകുന്നതാണ്. ആവശ്യമുള്ളവർ റേഷൻ കാർഡുമായി നേരിട്ട് ഓഫീസിൽ എത്തണമെന്ന് തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ട് അറിയിക്കുന്നു.

7. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന '**അടിയന്തിര രാത്രികാല വെറ്ററിനറി സേവനം**' എന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ, പൂർണ്ണമായും താൽക്കാലികമായി,

പരമാവധി 89 ദിവസത്തേയ്ക്ക് രാത്രിസമയങ്ങളിൽ സേവനം നടത്തുവാൻ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു. താൽപര്യമുള്ള കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള വെറ്ററിനറി ബിരുദധാരികൾ ഇന്ന് (26-5-2022) രാവിലെ 11 മണിക്ക് ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണെന്ന് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0477–2252431** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (മേയ് 26) രാവിലെ 11 മണിക്ക് **മണ്ണ്-ജല സംരക്ഷണത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക

9. പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഇന്ന് (മേയ് 26) രാവിലെ 10 മണി മുതൽ **കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **6282937809, 0466–2912008** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും** ഈ മാസം 30-ന് (മെയ് 30) ഏകദിനപരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

11. കേരളത്തിന്റെ കല്പവൃക്ഷമായ തെങ്ങിനു കാർഷിക സമ്പദ്‌വ്യവസ്ഥയിലുള്ള സ്ഥാനം വളരെ സുപ്രധാനമാണ്. വിത്ത് മുതൽ വിള വരെ നടത്തുന്ന വിവിധ പരിചരണമുറകൾ ഉല്പാദനത്തെയും ഉല്പാദനക്ഷമതയെയും സാരമായി ബാധിക്കുന്നു. വിത്ത്തേങ്ങ തിരഞ്ഞെടുക്കൽ, നടീൽ, വളപ്രയോഗം,

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സസ്യസംരക്ഷണം എന്നിവയെല്ലാം ഇത്തരം പ്രധാനപ്പെട്ട ഘടകങ്ങളാണ്. വർഷകാലം തുടങ്ങിയ സാഹചര്യത്തിൽ നടീലിലും വളപ്രയോഗത്തിലും കാര്യമായ ശ്രദ്ധ ചെലുത്തുന്നതിലൂടെ വിളനഷ്ടം കുറയ്ക്കാനും ആരോഗ്യകരമായ ഉത്പാദനം വർധിപ്പിക്കാനും സാധിക്കുമെന്ന് പാലക്കാട് കൃഷിവിജ്ഞാനകേന്ദ്രം അറിയിക്കുന്നു. നന്നായി മഴ ലഭിച്ച സ്ഥലങ്ങളിൽ തെങ്ങിൻ തൈകൾ നടുന്നതിനുള്ള സമയമാണിത്. വിത്ത് വഴിയാണ് തെങ്ങിന്റെ പ്രജനനം. മേയ്-ജൂൺ മാസങ്ങൾ ആണ് നടീലിനു അനുയോജ്യമായ സമയം. താഴ്ന്ന പ്രദേശങ്ങളിൽ മൺസൂണിന്റെ ശക്തികുറഞ്ഞ സെപ്റ്റംബർ മാസങ്ങളിൽ നടീൽ നടത്താവുന്നതാണ്. 20 വർഷത്തോളം പ്രായമുള്ളതും വർഷത്തിൽ 80 കായ്കൾ പതിവായി ലഭിക്കുന്നതുമായ മാതൃസസ്യങ്ങളിൽ നിന്നാണ് വിത്ത്തേങ്ങ ശേഖരിക്കേണ്ടത്. 9-12 മാസം വരെ പ്രായമെത്തിയ തൈകൾ നടീലിനു തിരഞ്ഞെടുക്കാവുന്നതാണ്. ഇവക്കു 6 മുതൽ 8 ഇലകൾ ഉണ്ടാകണം. 10 മുതൽ 12 സെ .മീ വരെ കടയ്ക്ക് വ്യാസം ഉണ്ടാകണം. ഇലകൾ ഒറ്റയ്ക്കൊറ്റക്കായി വരുന്നതും എളുപ്പം കായ്ക്കും എന്നതിന്റെ സൂചനയാണ്. തെങ്ങിന്റെ വളപ്രയോഗം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പാലക്കാട്, മേലെപട്ടാമ്പിയിലുള്ള കൃഷി വിജ്ഞാനകേന്ദ്രവുമായി നേരിട്ടോ, **0466-2212279** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം